**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</th><th colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2016-മുതൽ സർക്കാർ എടുത്ത കടങ്ങൾ എത്രയാണെന്നും പ്രസ്തുത കടങ്ങളുടെ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ;</td><td>(എ)</td><td>അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ (2021-22, 2022-23 ഒക്ടോബർ വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പകളും (തനി), തിരിച്ചടവും (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th colspan="3">തുക കോടിയിൽ</th></tr>
<tr><th>വർഷം</th><th>പൊതുകടം (തനി)</th><th>തിരിച്ചടവ് (തനി)</th></tr>
<tr><td>2016-17</td><td>16151.89</td><td>7706.01</td></tr>
<tr><td>2017-18</td><td>17101.67</td><td>13132.10</td></tr>
<tr><td>2018-19</td><td>15249.92</td><td>18195.99</td></tr>
<tr><td>2019-20</td><td>16405.77</td><td>44001.28</td></tr>
<tr><td>2020-21</td><td>25041.51*</td><td>38927.85</td></tr>
<tr><td>2021-22</td><td>20292.82*</td><td>35899.99</td></tr>
<tr><td>2022-23<br>(upto octobe 31)</td><td>5135.20</td><td>17516.36</td></tr>
</table>
<br>*2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി ലഭിച്ച ജി.എസ്.ടി നഷ്ടപരിഹാര തുക ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.</td></tr>
<tr><td>(ബി)</td><td>സർക്കാർ എടുക്കുന്ന കടങ്ങൾ എന്തിനെല്ലാമാണ് വിനിയോഗിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ?</td><td>(ബി)</td><td>വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്.<br>സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ</td></tr>
</table>

| | | | |
|---|---|---|---|
| | | | ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ